(സി) കഴിഞ്ഞ ഓണം സീസണിൽ കൈത്തറി തുണിത്തരങ്ങളുടെ വിറ്റുവരവിലൂടെ മുൻവർഷത്തെ അപേക്ഷിച്ച് (2009) 234.2 ലക്ഷം രൂപയുടെ അധിക വർദ്ധനവ് 2010 വർഷം വന്നിട്ടുണ്ട്.

(ഡി) ഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ എല്ലാവർഷവും കൈത്തറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർ പങ്കെടുക്കുന്നുണ്ട്. ഈ വർഷവും ഐഐറ്റിഎഫിൽ 5 പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും ഹാന്റക്സും ഹാൻവീവും പങ്കെടുത്തിരുന്നു. പൊതുമേഖലാ സ്ഥാപനമായ ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഡൽഹി, മുംബൈ ബാംഗ്ലൂർ, ചെന്നൈ എന്നിവിടങ്ങളിലെ കൈരളി ഷോറൂമുകൾവഴി ഹാൻവീവിന്റെ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു. കർണ്ണാടക ഹാന്റ്ലൂം കോർപ്പറേഷന്റെ മംഗലാപുരം, മർക്കര, ബാംഗ്ലൂർ, മണിപ്പാൽ എന്നീ ഷോറൂമുകളിലും ഹാൻവീവിന്റെ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. കോയമ്പത്തൂരിലെ 2 ഷോറൂമുകളിലൂടെയും ഹാന്റക്സ് കൈത്തറി ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്.

വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

25(*198) ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിവരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിന് സമയബന്ധിതമായ നടപടിക്ക് രൂപം നൽകിയിരുന്നുവോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

മാനേജർമാരുടെ ചുമതലയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമേ ഐ.ടി@ സ്കൂൾ, എസ്.എസ്.എ., ശുചിത്വമിഷൻ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിൽ ഇതുവരെ 6335 ഗേൾസ് ടോയ്ലറ്റും 9494 മൂത്രപ്പുരകളും 8385 കുടിവെള്ള പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ 760 സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ 75 എണ്ണത്തിൽ 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുക ഉപയോഗിച്ച് ലബോറട്ടറി സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ടോയ്ലെറ്റുകൾകൂടി നിർമ്മിച്ചിട്ടുണ്ട്. 2010-11-ൽ പദ്ധതി വിഹിതമായി അനുവദിച്ച 686 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 118 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്ലെറ്റ് നിർമ്മാണവും കുടിവെള്ള സൗകര്യം ഒരുക്കുന്ന ജോലിയും പുരോഗമിച്ചു വരുന്നു. ഈ വർഷത്തെ (2010-11) സപ്ലിമെന്ററി പ്ലാനിൽ ഉൾപ്പെടുത്തി 926 മൂത്രപ്പുരകളുടെയും 1715 കുടിവെള്ള പദ്ധതികളുടെയും പണികൾ പുരോഗമിക്കുന്നു. ഇവ 2011 മാർച്ചിൽ പൂർത്തീകരിക്കുന്നതാണ്. 12-ാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് 39 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി 1,35,14,900 രൂപയും ലാബ്, ഫർണിച്ചർ സൗകര്യങ്ങൾക്കായി യഥാക്രമം 3,43,62,026 രൂപയും 1,86,81,340 രൂപയും ചെലവഴിച്ചു.

(ബി) അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള സർക്കാർ സ്കൂളുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥന്മാർ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിലേക്കായി സമയബന്ധിതമായി നടപടിക്ക് രൂപം നൽകിയിട്ടുണ്ട്. അതിലേക്കായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എയ്ഡഡ് സ്കൂൾ മാനേജർമാർ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ ഉപഡയറക്ടർമാരെയും, ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയും, എയ്ഡഡ് സ്കൂൾ മാനേജർമാരുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് മൂന്ന് മേഖലാതലത്തിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. എല്ലാ വർഷവും എസ്.എസ്.എ. മുഖാന്തരം അടിസ്ഥാന സൗകര്യ വികസനത്തിനായി വാർഷിക പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly